V. സബ്മിഷൻ

(1) സംസ്ഥാന സർവ്വീസിൽ സ്ഥിരമായി ജോലിചെയ്യുന്ന കാഷ്വൽ സ്വീപ്പർമാരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ വളരെ അനുകമ്പാപൂർവ്വം ഉണ്ടാകേണ്ട ഒരു വിഷയത്തിലേക്ക് ശ്രദ്ധതിരിക്കുകയാണ്. കേരളത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ അഞ്ച്, പത്ത്, ഇരുപത് വർഷം വരെ കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്യുന്ന മുഴുവൻ പേരെയും പാർട്ട്ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്നും അവർക്കു കൊടുക്കേണ്ട വേതനകുടിശ്ശിക അടിയന്തിരമായി കൊടുക്കണമെന്നുമാണ് എനിക്ക് ഇവിടെ ആവശ്യപ്പെടാനുള്ളത്. തുല്യജോലിക്ക് തുല്യവേതനം എന്നതിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയുടെ ഒരു വിധിതന്നെ ഇതുസംബന്ധിച്ച് ഉണ്ടായി. 18-6-2004-ൽ ഇവരെ പിരിച്ചുവിടരുതെന്നും ഇവർക്കു വേതനകുടിശ്ശിക കൊടുക്കണമെന്നുള്ള കോടതിവിധി ഉണ്ടായെങ്കിലും അതിനെതിരായിട്ട് ഗവൺമെന്റ് അപ്പീലിന് പോയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 180 ദിവസം തുടർച്ചയായി ജോലിചെയ്താൽ സ്ഥിരപ്പെടുത്തുക എന്ന പൊതുതത്ത്വം നിലനിൽക്കുന്ന നിയമങ്ങളൊക്കെയുള്ള സാഹചര്യത്തിൽ അടിമകളെപ്പോലെ പണിയെടുക്കുന്ന ഈ പാവപ്പെട്ടവർ സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്നവരാണ്. ഇവരെ യാതൊരു കാരണവശാലും പിരിച്ചുവിടാൻ പാടില്ല. 110 രൂപ കിട്ടിയിരുന്നവർക്ക് 600 രൂപയായി വേതനം വർദ്ധിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. അന്നത്തെ ശമ്പളകമ്മീഷൻ ശുപാർശ തന്നെ ഇതുസംബന്ധിച്ചുണ്ട്. ചങ്ങാനാശ്ശേരി താലൂക്കിൽ കുറിച്ചി കൃഷി ഭവനിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി ലില്ലികുട്ടിയെ സ്ഥിരപ്പെടുത്തിക്കൊണ്ട് അങ്ങ് സഭയിൽതന്നെ പറഞ്ഞു. Kerala Contingent Employees Federation-ന്റെ പ്രസിഡന്റാണ് ഞാൻ. ശ്രീമതി ലില്ലികുട്ടി ഞങ്ങളുടെ സംഘടനയുടെ ഒരു മെമ്പർ കൂടിയാണ്. ഇതിൽ അയ്യായിരത്തോളം പേരുള്ളതാണ്. അവരിന്നും നാളെയും സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാരസമരം കിടക്കുകയാണ്. അതിൽ ഏറ്റവും അടിയന്തിരമായി പരിഗണന ഉണ്ടാകണം. അതിനുള്ള ഉത്തരവിറക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, കാഷ്വൽ സ്വീപ്പർമാരുടെ സേവനം അവസാനിപ്പിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നിയമിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ധനകാര്യവകുപ്പ് 17-7-2003-ൽ ജി.ഒ. പുറപ്പെടുവിച്ചു. അതിനെതിരായിട്ട് വളരെയധികം നിവേദനങ്ങൾ കിട്ടിയതിനെത്തുടർന്ന് 25-9-2003-ൽ ആ ജി. ഒ. മരവിപ്പിച്ചു. ഇവിടെ പറഞ്ഞതുപോലെ ഹൈക്കോടതിയുടെ ഇവർക്കനുകൂലമായ ഒരു വിധി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. ഇപ്പോളത് സ്റ്റേ ആയി കിടക്കുകയാണ്. ഇപ്പോൾ ഈ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ തീരുമാനമറിഞ്ഞ ശേഷം അതിന്മേൽ ഒരു തീരുമാനം എത്രയും വേഗം എടുക്കാം. ആ ഫയൽ പ്രോസസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. കോടതിയുടെ ഒരു തീരുമാനം കൂടി അറിയാനാണ് കാത്തിരിക്കുന്നത്. അതുസംബന്ധിച്ച് ഉടനെ ഒരു തീരുമാനം ഉണ്ടാക്കുന്നതാണ്. പക്ഷേ, അവരെയെല്ലാപേരെയും സ്ഥിരപ്പെടുത്തുക എന്നു പറയുന്നത് വലിയ സാമ്പത്തികബാധ്യതയുള്ള കാര്യമായതിനാൽ അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് അതിനൊരു തീരുമാനം എടുക്കുന്നതാണ്.

(2) തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയുടെയും പരിസരത്തിന്റെയും വികസനം

ശ്രീ. കെ. മോഹൻകുമാർ: സർ, പരിമിതികൾക്കും, പരാധീനതകൾക്കുമിടയിൽ ലക്ഷക്കണക്കിന് മനുഷ്യജീവൻ രക്ഷിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അവശതകൾക്ക് പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് പുതിയ വാർഡുകൾ ആരംഭിക്കുകയും തിയേറ്ററുകൾ നവീകരിക്കുകയും ചെയ്തകാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ, അവശതകൾ അനന്തമായി നീണ്ടുപോകുകയാണ്. പണിപൂർത്തിയാക്കിയ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനസജ്ജമാക്കണം. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്കുതന്നെ അറിയാവുന്ന ആവലാതികൾ പരിഹരിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യപൂർവ്വം നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. മെഡിക്കൽ കോളേജ് ജംഗ്ഷന്റെ വികസനം പൂർത്തിയാക്കാനും കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് ആവശ്യമായ സ്ഥലം നൽകാനും 50 വർഷക്കാലമായി മരവിപ്പിച്ചിട്ടിരിക്കുന്ന സ്ഥലം തലസ്ഥാനവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, മെഡിക്കൽകോളേജിന്റെ വികസനത്തിന് ഇപ്പോൾതന്നെ വിപുലമായ പരിപാടികൾ അംഗീകരിച്ചിട്ടുണ്ട്. ഹഡ്കോയിൽനിന്ന് അതിനാവശ്യമായ പണം ലഭ്യമാക്കുന്നതിന് ശ്രമിക്കുകയാണ്. 3-12-2004-ൽ കൂടിയ തലസ്ഥാന മേഖലാ വികസന പദ്ധതിയിൽ ഇരുപത്തഞ്ചാമത് എമ്പവേർഡ് കമ്മിറ്റി ആ പ്രദേശത്തെ വികസനംകൂടി അതിനകത്താക്കി. മെഡിക്കൽ കോളേജ് ക്യാമ്പസിനുവേണ്ടിയുള്ള ഒരു പ്രോജക്ടിന് 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതുപോലെത്തന്നെ തലസ്ഥാന മേഖലാ വികസന

LIBRARY ARCHIVES Kerala Legislative Assembly